## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ **ചോദ്യം നം.429** **29.05.2019**-ലെ മറുപടിക്ക്

**ചോദ്യം** **മറുപടി**

ശ്രീ. എസ്. ശർമ്മ
ശ്രീ. കെ.ദാസൻ
ശ്രീ. ഡി.കെ.മുരളി
ശ്രീ. കെ.വി.വിജയദാസ്

ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പുമന്ത്രി

**സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ**

| | | |
|---|---|---|
| (എ) | നോട്ട് നിരോധനം, ജി.എസ്.ടി തുടങ്ങിയ തിരിച്ചടികളും പ്രളയം, ഓഖി തുടങ്ങിയ ദുരന്തങ്ങളും സമസ്ത മേഖലകളെയും പ്രതികൂലമായി ബാധിച്ച സാഹചര്യത്തിലും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ. യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000/- കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br>2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.<br>3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.<br>4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്കൂട്ടിനിയും പരിശോധനകളും |
| (ബി) | ഈ കാലയളവിൽ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ ഉണ്ടായ കുറവ് നികത്തുന്നതിന് നടത്തിയ കൃത്യവും കണിശവുമായ ഇടപെടലുകളും ആസൂത്രണവും എന്തെല്ലാമാണ്; | |

| | | |
|---|---|---|
| | | ശക്തമാക്കി.<br>5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.<br>6. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.<br>7. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യ വത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.<br>8. സാമ്പത്തിക അച്ചടക്കം ഉറപ്പ വരുത്തുന്നതിന്റെയും ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും, പുതിയ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, വിദേശ യാത്രയ്ക്കും, വിമാന യാത്രയ്ക്കും, മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്ര സഹായത്തിന്റെ അപര്യാപ്തതയും വായ്പാപരിധി ഉയർത്തുന്നതിന് അംഗീകാരം ലഭിക്കാത്ത സാഹചര്യവും മറികടക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | കേന്ദ്ര സഹായത്തിന്റെ അപര്യാപ്തതയും വായ്പാപരിധി ഉയർത്തുന്നതിന് അംഗീകാരം ലഭിക്കാത്ത സാഹചര്യവും മറികടക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ നടപ്പിലാക്കി വരുന്നു.<br>(i) സേവനങ്ങൾക്കുള്ള ചാർജ്ജുകൾ 5% വർദ്ധിപ്പിച്ചു.<br>(ii) സംസ്ഥാനത്തിന് അകത്തുള്ള സേവനങ്ങളുടെയും ചരക്കുകളുടെയും വിതരണത്തിന് ഒരു ശതമാനവും സ്വർണ്ണം, വെള്ളി, പ്ലാറ്റിനം ഉൾപ്പെടെയുള്ള ചരക്കുകൾക്ക് 0.25 ശതമാനവും പ്രളയ സെസ് ഏർപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചു. എന്നാൽ 5% നികുതി ബാധകമായ നിത്യോപയോഗ ചരക്കുകൾക്കും,കോമ്പൗണ്ടഡ് നികുതി അടയ്ക്കുന്ന ചെറുകിട വ്യാപാരി വ്യവസായികൾക്കും സെസ് ഒഴിവാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | (iii) ചരക്ക് സേവന നികുതിയിലുള്ള ചോർച്ച തടയുന്നതിനായി വാർഷിക റിട്ടേൺ പരിശോധന, ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം ഉപയോഗിച്ചുള്ള തൽസമയ ഇ-വേ ബിൽ പരിശോധന അടക്കമുള്ള ഭരണപരമായ നടപടികൾ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br>(iv) വാറ്റ് ആംനസ്റ്റി, റവന്യൂ റിക്കവറി നടപടികളോടൊപ്പം ഊർജ്ജിതമായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>(v) നികുതി കുടിശ്ശികകൾക്കായി സമഗ്ര ആംനസ്റ്റി പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br>(vi) ബിയർ, വൈൻ ഉൾപ്പെടെയുള്ള എല്ലാത്തരം മദ്യങ്ങളുടെയും ആദ്യ വിൽപ്പനയിലെ നികുതി 2% വർദ്ധിപ്പിച്ചു.<br>(vii) 2016-17 ബജറ്റിൽ പ്രഖ്യാപിച്ച മോട്ടോർ വാഹന നികുതി കുടിശ്ശിക അടയ്ക്കുവാനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഈ വർഷവും തുടരും.<br>(viii) പുതുതായി വാങ്ങുന്ന മോട്ടോർ സൈക്കിൾ, മോട്ടോർ കാറുകൾ, സ്വകാര്യ സർവ്വീസ് വാഹനങ്ങൾ എന്നിവയുടെ ഒറ്റത്തവണ നികുതി ഒരു ശതമാനം വർദ്ധിപ്പിച്ചു.<br>(ix) രജിസ്ട്രേഷൻ സ്റ്റാമ്പ് ഡ്യൂട്ടി അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതാണ്.<br>(x) ഭൂമിയുടെ ന്യായവിലയിൽ 10% വർദ്ധനവ് വരുത്തുവാൻ നടപ്പ് ബജറ്റിൽ തീരുമാനിച്ചിട്ടുണ്ട്.<br>(xi) താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ ആഡംബര നികുതി നിരക്ക് പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പുതുക്കുന്നതാണ്.<br>(xii) പാട്ടക്കുടിശ്ശികയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**